**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**തൊഴിലുറപ്പ് പദ്ധതി**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1682** — **01-11-2019-ൽ മറുപടിയ്ക്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം എത്ര തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിനാണ് സംസ്ഥാനം കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 2019-20 സാമ്പത്തിക വർഷം 949.85 ലക്ഷം തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിനാണ് സംസ്ഥാനം കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നത്. |
| (ബി) | എത്ര തൊഴിൽ ദിനങ്ങൾ കേന്ദ്രം അനുവദിച്ചിട്ടുണ്ട്; അറിയിക്കുമോ; | (ബി) | 2019-20 സാമ്പത്തിക വർഷം 700 ലക്ഷം തൊഴിൽ ദിനങ്ങൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. |
| (സി) | തൊഴിലുറപ്പ് പ്രതിഫലം കേന്ദ്രം സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടോ എന്നുള്ളതിന്റെ വിശദാംശങ്ങൾ നൽകുമോ? | (സി) | 2019-20 സാമ്പത്തിക വർഷം 25.10.2019 വരെ അവിദഗ്ധ വേതന ഇനത്തിൽ 1894.80 കോടി രൂപയാണ് കേന്ദ്ര സർക്കാർ അനുവദിച്ചത്. ഇതിൽ 1399.69 കോടി രൂപ മുൻ സാമ്പത്തിക വർഷത്തെ വേതന കുടിശ്ശികയായിരുന്നു. നിലവിൽ (24.10.2019-ന്) 551.56 കോടി രൂപ വേതന ഇനത്തിൽ കുടിശ്ശികയുണ്ട്. |

സെക്ഷൻ ഓഫീസർ.